LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഫാസ്റ്റ് ട്രാക്ക് കോടതികൾ

22 [3073] ശ്രീ. സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, പി. കെ. അബ്ദുറബ്ബ്:

,, ടി. പി. എം. സാഹിർ:

,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ഫാസ്റ്റ് ട്രാക്ക് കോടതികൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ചു വരുന്നു;

(സി) മറ്റുള്ളവ എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കോടതികളുടെ പ്രവർത്തനംകൊണ്ട് കേസുകൾ തീർപ്പാക്കുന്നതിന് എന്ത് സമയം എടുക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 38 എണ്ണം.

(ബി) 31 എണ്ണം.

(സി) ബാക്കിയുള്ള 7 എണ്ണം. ഇതിനായുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) 31-12-2004 വരെ പ്രവർത്തനം ആരംഭിച്ച എല്ലാ ഫാസ്റ്റ് ട്രാക്ക് കോടതികളിലും മാസം ശരാശരി 28 കേസുകൾ തീർപ്പാക്കുന്നുണ്ട്.

ജില്ലാ കോടതിക്കുവേണ്ടി ബൈ-സെന്റിനറി ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി

23 [3074] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലാ കോടതിക്കു വേണ്ടി ബൈ-സെന്റിനറി ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനുവേണ്ടി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ കോടതിക്കു വേണ്ടി ബ്ലൈ-സെന്റിനറി ബ്ലോക്ക് നിർമ്മിക്കുന്നതിന് ഹൈക്കോടതി നൽകിയ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ഇതിനായി 15 കോടി രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാൻ അംഗീകരിക്കുന്നതിന് ഹൈക്കോടതി നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ഹൈക്കോടതി നൽകിയിരിക്കുന്ന ശുപാർശ വിശദമായി പരിശോധിച്ച തിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ജയിൽ റിവ്യൂ കമ്മിറ്റിയുടെ കാലാവധി നീട്ടുന്നതിന് നടപടി

24 [3075] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച എം. ആർ. ഹരിഹരൻനായർ ചെയർമാനായുള്ള പ്രിസൺ റിവ്യൂ കമ്മിറ്റി, നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അർഹരായ ജീവപരന്ത്യം തടവുകാരെ വിടുതൽ ചെയ്യുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശുപാർശ ചെയ്തിട്ടുള്ള തടവുകാരിൽ എത്രപേരെ ടി ശുപാർശയനുസരിച്ച് വിട്ടയച്ചുവെന്ന് സർക്കാർ വെളിപ്പെടുത്തുമോ;

(സി) മേൽപറഞ്ഞ കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ടി കമ്മിറ്റിയുടെ കാലാവധി രണ്ടു വർഷമാണെന്നിരിക്കെ ഇനി തുറന്ന ജയിൽ ഒഴികെയുള്ള മറ്റു ജയിലുകളിലെ ജീവപരന്ത്യം തടവുകാരുടെ കേസുകൾ കമ്മിറ്റിയുടെ കാലാവധി തീരുന്നതിനുമുമ്പായി പരിശോധിച്ച് അതിന്മേലുള്ള ശുപാർശകൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ;

(ഇ) അർഹരായ തടവുകാരുടെ കേസുകൾ പരിഗണിക്കുന്നതിന് കൂടുതൽ സമയം ലഭ്യമാക്കുന്നതിന് കമ്മിറ്റിയുടെ കാലാവധി നീട്ടി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരെയും വിട്ടയച്ചിട്ടില്ല.

(സി) ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) മറ്റു ജയിലുകളിലെ അർഹരായ തടവുകാരുടെ കേസുകളും കമ്മിറ്റി പരിശോധിക്കുന്നുണ്ട്.

(ഇ) കാലാവധി തീരുന്ന മുറയ്ക്ക് ഇക്കാര്യം ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly